(സി) 2001 മെയ് മാസം മുതൽ നാളിതുവരെ ഈ ഇനത്തിൽ എത്ര രൂപയുടെ ഭക്ഷ്യസാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്കൂളുകൾക്ക് നൽകിയിട്ടുണ്ടെന്നും അതിൽ എത്ര രൂപ സർക്കാരിൽനിന്നും കോർപ്പറേഷന് ലഭിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) 100,53,69,718 രൂപ.

(ബി) 85,80,58,264 രൂപ.

(സി) 108,58,03,975 രൂപയുടെ സാധനങ്ങൾ 2001 മേയ് മാസം മുതൽ സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. അതിൽ 33,21,10,155 രൂപ സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്.

മാവേലി സ്റ്റോറുകളിലൂടെ വിതരണം നടത്തുന്ന സാധനങ്ങളുടെ വിലനിലവാരം

52 [1059] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലി സ്റ്റോറുകളിലൂടെ വിതരണം നടത്തുന്ന സാധനങ്ങളുടെ വില എത്ര തവണ വർദ്ധിപ്പിച്ചു;

(ബി) 2001 മാർച്ച് മാസം അരി, മുളക്, പയറു വർഗ്ഗങ്ങൾ എന്നിവയുടെ വില എന്തായിരുന്നു; ഇപ്പോൾ എത്രയാണ്;

(സി) പൊതുകമ്പോളത്തിലെ ഇവയുടെ വില എത്രയാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മാവേലി സ്റ്റോറുകൾവഴി വിൽപ്പന നടത്തുന്ന സാധനങ്ങളുടെ വില ഒരുമിച്ച് വർദ്ധിപ്പിക്കുകയോ കുറയ്ക്കുകയോ ചെയ്യാറില്ല. എല്ലാ മാസവും സർക്കാർ തലത്തിൽ പരിശോധിക്കുകയും പൊതുവിപണിയിൽ അപ്പപ്പോഴുള്ള സാഹചര്യങ്ങൾ കണക്കിലെടുത്ത് വിലയിൽ വ്യത്യാസം വരുത്തുകയുമാണ് ചെയ്യാറ്.

(ബി) ഇതു സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇതു സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.‡

കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക പഞ്ചായത്തിലെ കുണ്ടംകുഴിയിൽ മാവേലി സ്റ്റോർ ആരംഭിക്കാൻ നടപടി

53 [1060] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം-9

‡ അനുബന്ധം-9എ

LIBRARY ARCHIVES Kerala Legislative Assembly

(എ) കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക പഞ്ചായത്തിലെ കുണ്ടംകുഴിയിൽ പഞ്ചായത്ത് ആവശ്യമായ സ്ഥലം നൽകി ഒരു വർഷം കഴിഞ്ഞിട്ടും മാവേലി സ്റ്റോർ ആരംഭിച്ചിട്ടില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) മേൽ പഞ്ചായത്തിൽ എന്ന് മാവേലി സ്റ്റോർ ആരംഭിക്കും എന്ന് അറിയിക്കാമോ?

ഉത്തരം

(എ, ബി) നിശ്ചിത മാനദണ്ഡങ്ങൾ അനുസരിച്ച് കെട്ടിടം ലഭ്യമാക്കാൻ പഞ്ചായത്ത് 30-10-2003-ൽ തീരുമാനമെടുത്തെങ്കിലും ഇതു സംബന്ധിച്ച് കോർപ്പറേഷനിൽ ഹാജരാക്കിയ രേഖയിൽ അവ്യക്തത ഉള്ളതിനാൽ വ്യക്തമായ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ച് അനുയോജ്യമായ കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് മാവേലി സ്റ്റോർ ആരംഭിക്കാവുന്നതാണ്.

കൊണ്ടോട്ടി, മുസ്ലിയാരങ്ങാടി, കൊട്ടപ്പുറം എന്നിവിടങ്ങളിൽ മാവേലി സ്റ്റോറുകൾ

54 [1061] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽപ്പെട്ട മുസ്ലിയാരങ്ങാടി, കൊട്ടപ്പുറം എന്നിവിടങ്ങളിൽ മാവേലി സ്റ്റോറുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ രണ്ടും എന്നത്തേക്ക് തുറക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) നടപടി സ്വീകരിച്ചുവരുന്നുണ്ട്. വിപണന സാദ്ധ്യതയും ഗതാഗത സൗകര്യവുമുള്ള സ്ഥലത്ത് കോർപ്പറേഷന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് അനുയോജ്യമായ കെട്ടിടം പഞ്ചായത്ത് അധികൃതർ ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ മാവേലി സ്റ്റോറുകൾ തുറന്നു പ്രവർത്തിപ്പിക്കാനാവുകയുള്ളൂ.

കരുനാഗപ്പള്ളി മാർക്കറ്റിൽനിന്ന് സിവിൽ സപ്ലൈസ് ഗോഡൗൺ മാറ്റി സ്ഥാപിക്കാൻ നടപടി

55 [1062] ശ്രീ. എ. എൻ. രാജൻബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മാർക്കറ്റിന്റെ നവീകരണത്തിനായി അതിനുള്ളിൽ പ്രവർത്തിക്കുന്ന സിവിൽ സപ്ലൈസ് ഗോഡൗൺ മാറ്റി സ്ഥാപിക്കണം എന്ന പഞ്ചായത്തിന്റെ അപേക്ഷയിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly